## ഗാന്ധി സ്മൃതിവനം പദ്ധതി

104 [447] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ പുറക്കാട് പഞ്ചായത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഗാന്ധി സ്മൃതിവനം പദ്ധതി പ്രവർത്തനങ്ങൾ ഏതു ഘട്ടംവരെയായി എന്ന് അറിയിക്കാമോ;

(ബി) ഇതിലേക്കായി എത്ര ഏക്കർ സ്ഥലം ഇതുവരെ അക്വയർ ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(സി) ഇനിയെത്ര ഏക്കർ സ്ഥലമാണ് അക്വയർ ചെയ്യുവാൻ ബാക്കിയുള്ള തെന്നും ബാക്കി സ്ഥലം അക്വയർ ചെയ്യുന്നതിന് ആലപ്പുഴ ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്നും വെളിപ്പെടുത്താമോ;

(ഡി) ഈ പദ്ധതി ബി.ഒ.ടി. അടിസ്ഥാനത്തിൽ ഏറ്റെടുക്കുവാൻ ഏതെങ്കിലും സ്ഥാപനം മുന്നോട്ട് വന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഗാന്ധി സ്മൃതിവനം പദ്ധതി സ്ഥാപിക്കുന്നതിന് 600 ഏക്കർ ഭൂമി അക്വയർ ചെയ്യാൻ ഉത്തരവായതിൽ ആദ്യഘട്ടമെന്ന നിലയിൽ 292.85 ഏക്കർ സ്ഥലം ആലപ്പുഴ ജില്ലാകളക്ടർ അക്വയർ ചെയ്തു. ഇതിനിടെ പദ്ധതിക്കെതിരെ തദ്ദേശവാസികൾ പ്രക്ഷോഭമാരംഭിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ ഒ. പി. ഫയൽ ചെയ്യുകയും (ഒ.പി. നമ്പർ 304/96) ബഹുമാനപ്പെട്ട കോടതി അത് 12-6-1997-ൽ തള്ളിക്കളയുകയും ചെയ്തു. ഇതേത്തുടർന്ന് ആലപ്പുഴ ജില്ലാകളക്ടർ ഏകദേശം 415 ഏക്കർ സ്ഥലം പദ്ധതിക്കായി ഏറ്റെടുക്കുകയും ഉണ്ടായി. 66.55 ഹെക്ടർ ഭൂമികൂടി അക്വയർ ചെയ്യുന്നതിന് ആലപ്പുഴ ജില്ലാകളക്ടർ നിർദ്ദേശം വച്ചെങ്കിലും, പ്രസ്തുത ഭൂമിയിൽ ചെളിനിറഞ്ഞതിനാലും വെള്ളക്കെട്ടുള്ളതിനാലും സർവ്വേ നടപടികൾ പൂർത്തീകരിക്കാൻ സാധിച്ചില്ല. ഇതിനായി മതിയായ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുകയാണ്.

(ബി) ഉദ്ദേശം 415 ഏക്കർ സ്ഥലം ടി പദ്ധതിക്കുവേണ്ടി ഇതുവരെ അക്വയർ ചെയ്തിട്ടുണ്ട്.

(സി) ഇനി ഏകദേശം 185 ഏക്കർ സ്ഥലം ടി പദ്ധതിക്കുവേണ്ടി അക്വയർ ചെയ്യുവാനുണ്ട്. ഇതിലേയ്ക്കുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) കഴിഞ്ഞവർഷം ജനുവരിയിൽ നടന്ന 'ജിം' (Global Investors Meet) പരിപാടിയിൽ ഗാന്ധി സ്മൃതിവനം പദ്ധതിക്ക് സ്വകാര്യ പങ്കാളിത്തം ക്ഷണിച്ചപ്പോൾ ഇൻഫെറിട്ടൻസ് ഇന്ത്യ കമ്പനി എന്ന സ്ഥാപനം പ്രസ്തുത പദ്ധതിയിൽ താൽപ്പര്യം കാണിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly